മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2023 ജനുവരി 18

# വാർത്താക്കുറിപ്പ് (1)

---

*മന്ത്രി പി. രാജീവ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും*

## യുനോയ അക്കാദമിക് കാർണിവൽ ഇന്ന് സമാപിക്കും

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗ്ലോബൽ അക്കാദമിക് കാർണിവൽ -യുനോയ 2023 ഇന്ന്(ജനുവരി 19) സമാപിക്കും. വൈകുന്നേരം അഞ്ചിന് മാമ്മൻ മാപ്പിള ഹാളിൽ നടക്കുന്ന സമാപന സമ്മേളനം വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.

വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഗവൺമെൻറ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് മുഖ്യ പ്രഭാഷണം നടത്തും.

അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, കാലടി സംസ്കൃത സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. എം.വി. നാരായണൻ, മുൻ എം.പി പി.കെ. ബിജു, മുൻ എം.എൽ.എ സുരേഷ് കുറുപ്പ്, പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, കോട്ടയം മുനിസിപ്പൽ ചെയർ പേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എസ്. ഷാജില ബീവി, ഡോ. എ. ജോസ്, ഡോ. ബിജു തോമസ്, യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി യദുകൃഷ്ണൻ എന്നിവർ പങ്കെടുക്കും.

ഇന്നു രാവിലെ പത്തിന് മാമ്മൻ മാപ്പിള ഹാളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക സ്വയംഭരണം എന്ന വിഷയത്തിൽ നടക്കുന്ന ശിൽപ്പശാലയിൽ ജവഹർലാൽ നെഹ്റു സർവകലാശാലയിലെ ഡോ. സോയ ഹസൻ, കാലടി സംസ്കൃത സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. എം.വി. നാരായണൻ, കെ.സി.എച്ച്.ആർ ഡയറക്ടർ പ്രഫ. ജി. അരുണിമ എന്നിവർ സംസാരിക്കും.

ഉച്ചകഴിഞ്ഞ് രണ്ടിന് മാമ്മൻ മാപ്പിള ഹാളിൽ ചലച്ചിത്ര സംവിധായകൻ രാജീവ് രവി വിദ്യാർഥികളുമായി സംവദിക്കും. ഇതേ സമയത്ത് ബസേലിയോസ് കോളജിൽ ചർച്ചാപരിപാടിയും സി.എം.എസ് കോളജിൽ ഇ- റിസോഴ്സിനെക്കുറിച്ചുള്ള പ്രഭാഷണവും നടക്കും.

സി.എം.എസ് കോളജിൽ ചലച്ചിത്രോത്സവത്തിൻറെ ഭാഗമായി ഉച്ചകഴിഞ്ഞ് 3.15ന് നടക്കുന്ന ഓപ്പൺ ഫോറത്തിൽ ചലച്ചിത്ര നിരൂപകൻ മധു ജനാർദ്ദനൻ, ഫിലിം സൊസൈറ്റി പ്രവർത്തക ജ്യോതി നാരായണൻ, ഡോ. അജു കെ. നാരായണൻ എന്നിവർ പങ്കെടുക്കും.

വൈകുന്നേരം ഏഴിന് തിരുനക്കര മൈതാനത്ത് കേരള ഫോക്ക് ലോർ അക്കാദമിയുടെ സഹകരണത്തോടെ തൈവമക്കൾ കലാസംഘം നാടൻ പാട്ടും നാടൻ കലാരൂപങ്ങളും അവതരിപ്പിക്കും.

അക്കാദമിക് കാർണിവലിൻറെ ഭാഗമായി നാഗമ്പടം ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന പുസ്തകോത്സവം ജനുവരി 21 വരെ നീണ്ടുനിൽക്കും.

(പി.ആർ.ഒ./39/ 73/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**